Break the chain

കൈവിടാതിരിക്കാം... കൈ കഴുകൂ...

തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 2516/എ1/2019/അഡ്മിൻ.

17.05.2022

## ലേല നോട്ടീസ്

### തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല - മുറിച്ചുകൂട്ടിയിട്ട മരങ്ങൾ പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നത് സംബന്ധിച്ച്

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാലാ അക്ഷരം കാമ്പസിൽ വീണതും ഉണങ്ങിയതുമായ അക്വേഷ്യ, കാറ്റാടി എന്നീ മരങ്ങൾ സർവകലാശാലാ കാമ്പസിലെ വിവിധ ഇടങ്ങളിലായി കൂട്ടിയിട്ടത് ലേലം ചെയ്ത് വിൽക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിന്റെ അനുമതി ലഭിച്ചതിനാൽ കൂട്ടിയിട്ട മേൽ മരങ്ങൾ 30.05.2022 ന് രാവിലെ 11 മണിക്ക് സർവകലാശാല കാമ്പസിൽ വെച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

ലേല സാധനങ്ങൾ സർവകലാശാലയിലെ എസ്റ്റേറ്റ് ഓഫീസറുടെ അനുവാദത്തോടുകൂടി ലേല തീയതിക്കു മുമ്പായി ഓഫീസ് പ്രവർത്തനസമയത്ത് വന്ന് പരിശോധിക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലദിവസം രാവിലെ 10 നും 11 നും ഇടയിൽ 3,500/- രൂപ നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

രാവിലെ 11 മണിക്ക് ലേലം ആരംഭിക്കുന്നതും ഏറ്റവും കൂടുതൽ ലേല തുക രേഖപ്പെടുത്തുന്ന ആൾ ലേല തുകയുടെ 50% വും ജി.എസ്.ടി.യും അന്ന് തന്നെ കെട്ടിവെയ്ക്കേണ്ടതും ബാക്കി തുക 10 ദിവസത്തിനകം കെട്ടിവെച്ച് 15 ദിവസത്തിനകം തന്നെ മരങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്.

ലേല സാധനങ്ങൾ ലേലത്തിൽ പങ്കെടുക്കുന്നവർ കണ്ട് ബോദ്ധ്യപ്പെടേണ്ടതും, പിന്നീട് യാതൊരുവിധ പരാതി ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ പാടില്ലാത്തതുമാണ്. ലേല വ്യവസ്ഥ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർക്കാരിലേക്ക് കണ്ട്കെട്ടുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസിൽ നേരിട്ടോ, 0494-2631230 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.malayalamuniversity.edu.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതുമാണ്.

രജിസ്ട്രാർ ഇൻ ചാർജ്

വി.സി. കാര്യാലയം/മലയാളസർവകലാശാല വെബ്സൈറ്റ്/
അക്കൗണ്ട്സ്/പി.ആർ.ഒ./എസ്റ്റേറ്റ് ഓഫീസർ/ഫ്രണ്ട് ഓഫീസ്/
തിരൂർ മുനിസിപ്പാലിറ്റി ഓഫീസ്/വെട്ടം ഗ്രാമപഞ്ചായത്ത് ഓഫീസ്/
നിറമരുതൂർ പഞ്ചായത്ത് ഓഫീസ്/ഓഫീസ് രേഖ/കരുതൽ രേഖ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം